# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 22, വ്യാഴം

**നമ്പർ 119**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സർക്കാരിന്റെ അനാസ്ഥയും അദാനി ഗ്രൂപ്പിന്റെ കെടുകാര്യസ്ഥതയുംമൂലം വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം പ്രതിസന്ധിയിലായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിൻസെന്റും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർക്ക് തൊഴിൽ സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെയും സേവന വേതന വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. രാജൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.820/2018(i).

(2) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം അടുത്ത അദ്ധ്യയന വർഷം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. അടൂർ പ്രകാശ് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കൊപ്പം രാജ്യാന്തര നീന്തൽ സമുച്ചയത്തിലെ നീന്തൽക്കുളത്തിൽ ശ്രീജിത് മുങ്ങി മരിച്ചത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. സുരേഷ് കുറുപ്പ് | കവൈറ്റിൽ എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യതയിലെ നിബന്ധന | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിലേക്ക് മാറ്റുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ താമസിക്കുന്ന തൊഴിലാളികൾക്ക് പട്ടയം ലഭ്യമാക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കെ. ശശീന്ദ്രൻ | കാപ്പി, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിലത്തകർച്ച | കൃഷി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം കുടുംബ കോടതി കെട്ടിട നിർമ്മാണത്തിന് സ്ഥലമെടുക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ഗീതാ ഗോപി | ചേർപ്പ് സാമൂഹ്യ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീമതി യു. പ്രതിഭ ഹരി | ട്രെയിനുകളിലെ ബോഗികളിൽ ഇലക്ട്രോണിക്ക് ഡിസ്പ്ലേ സ്ഥാപിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ടി. ബൽറാം | തൃത്താല വി. കെ. കടവ് ജി. എം. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന ചട്ടം 236(5) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 5 | 1, 2 |
| | 2015-16 | 5 | 1, 2, 108 |
| | 2016-17 | 1 | 116, 117, 130, 133 |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 66 |
| II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 1, 7 |
| | 2014-15 | 4 | 10, 11 |

| 1 | 2 | 3 | 4 |
|---|---|---|---|
| III—ജലവിഭവം | 2011-12 | 1 | 49, 64 |
| | 2012-13 | 2 | 31 |
| | 2014-15 | 4 | 29, 39, 40, 57, 58, 60 |
| | 2016-17 | 1 | 9, 32, 34, 35, 39, 45, 48, 49, 50, 53, 55, 56, 57, 58, 59, 60, 61, 63, 71, 74, 79 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 26 |
| | 2015-16 | 5 | 3 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 23, 25 |
| | 2014-15 | 4 | 51, 52, 53, 62, 63 |
| | 2016-17 | 1 | 2, 20, 26, 27, 28, 54, 55, 60, 61 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളിക്ഷേമവും | 2016-17 | 1 | 86 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു

(1) 2018 -ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

(2) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

(3) 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട്.

(4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ ഇരുപത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ.

(5) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിനാല് മുതൽ അറുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ.

(6)അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്.

<u>സ്പീക്കറുടെ റൂളിംഗ്:</u>

ബഡ്ജറ്റ് വിഭജനത്തിലെ ചെലവിന്മേലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി:

"ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം നാല് മാസത്തിനകം ബന്ധപ്പെട്ട വകുപ്പുകൾ സഭാനടപടി ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതായ വാർഷിക പ്രവർത്തനറിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല എന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഉദാഹരണസഹിതം ഇവിടെ ഉന്നയിച്ചത്.

സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കുന്നതും സഭയും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളും വിശദമായ പരിശോധനയും ചർച്ചയും നടത്തി പാസ്സാക്കുന്നതുമായ ധനാഭ്യർത്ഥനകൾ അനുസരിച്ചുള്ള തുകകൾ ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തികവർഷം പൂർത്തീകരിച്ചു കഴിഞ്ഞാൽ നാല് മാസങ്ങൾക്ക് പിൻപല്ലാതെ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണെന്ന് ചട്ടം 236(6)-ൽ പറഞ്ഞിരിക്കുന്നു.

സഭ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ സംബന്ധിച്ച വിശദാംശം സഭാംഗങ്ങൾക്ക് ലഭിക്കാതിരുന്ന സാഹചര്യത്തിൽ, പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2009-ൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 236-ാം ചട്ടത്തിന് ഉപചട്ടം (5), ഉപചട്ടം (6) എന്നീ രണ്ട് ഉപചട്ടങ്ങൾ കൂട്ടിച്ചേർത്തത്. (5)-ാം ഉപചട്ടപ്രകാരം ധനാഭ്യർത്ഥനാ പരിശോധന പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ നൽകുന്ന ശിപാർശകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നു. ഉപചട്ടം (6)-ൽ ബജറ്റ് വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച് എല്ലാ വകുപ്പുകളുടെയും വാർഷിക പ്രവർത്തനറിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ നിർഭാഗ്യമെന്നുതന്നെ പറയട്ടെ, 2010 മാർച്ച് 31 മുതൽ നിലവിൽ വന്ന പ്രസ്തുത രണ്ട് ഉപചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ മിക്ക വകുപ്പുകളിലും കാര്യക്ഷമമായി നടക്കുന്നില്ല എന്നാണ് ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്.

ഈ സഭയുടെതന്നെ ഒന്നാം സമ്മേളനത്തിൽ 2016 ജൂലൈ 19-ാം തീയതി ശ്രീ. കെ. എസ്. ശബരീനാഥൻ ചട്ടം 303 പ്രകാരം ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അന്ന് സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നതുമാണ്.

ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ സഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി ഈ രണ്ട് ഉപചട്ടങ്ങളിലേയും വ്യവസ്ഥകൾ സമഗ്രമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ആയതിനുള്ള കാരണംകൂടി ബന്ധപ്പെട്ട മന്ത്രി, സഭയെ അറിയിക്കണമെന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും അതുൾപ്പെടെയുള്ള ചട്ടഭേദഗതികൾ സംബന്ധിച്ച നടപടികൾ അതിന്റെ അന്തിമ ഘട്ടത്തിൽ ആയിട്ടുള്ളതുമാണ്.

ഏതായാലും ഉദാഹരണസഹിതം ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ച പ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യവകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്കരിക്കണമെന്നും ഇതു സംബന്ധിച്ച് വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യവകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. "

<u>ധനകാര്യം:</u>

## <u>2018 -19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ

അനുവദിക്കണമെന്ന പ്രമേയം യഥാക്രമം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തു വച്ചു.

XVII-നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 6, 7, 9, 10, 12, 13, 14, 15, 16, 18, 19, 20, 21, 22, 25, 30, 31, 34, 36, 38, 39 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 4, 6, 7, 8, 9, 10, 11, 12, 13, 15, 16, 17, 18, 19, 24, 25 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. സി. കെ. നാണു

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. പി. സി. ജോർജ്

ശ്രീ. ആർ. രാജേഷ്

ശ്രീ. കെ .ജെ. മാക്സി

ശ്രീ. വി. ടി. ബൽറാം

ശ്രീ. മുല്ലക്കര രത്നാകരൻ

ഡോ. എം. കെ.മുനീർ

ശ്രീ. എം. സ്വരാജ്

ശ്രീ. കെ. മുരളീധരൻ

<u>പ്രത്യേക പരാമർശം:</u>

മന്ത്രിമാരുടെ മറുപടിക്കു മുമ്പായി ലോക ജലദിനം പ്രമാണിച്ച് സ്പീക്കറും ജലവിഭവ വകുപ്പ് മന്ത്രിയും ഓരോ ഹ്രസ്വ പ്രസ്താവന ചെയ്തു.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും,വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണ വകുപ്പുമന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രനും, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XVII, XXXIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

ധനാഭ്യർത്ഥനകളിന്മേൽ വോട്ടെടുപ്പ് നടത്താനുള്ള അവസാന ദിവസമാകയാൽ അതുവരെ വോട്ടിനിടാതിരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിക്കുകയും ചർച്ച കൂടാതെ പാസ്സാക്കുകയും ചെയ്തു.

| | | |
|---|---|---|
| I | — | സംസ്ഥാന നിയമസഭ |
| IV | — | തെരഞ്ഞെടുപ്പുകൾ |
| VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| X | — | ട്രഷറികളും അക്കൗണ്ടുകളും |
| XVI | — | പെൻഷനും പലവകയും |
| XXIII | — | വാർത്താവിതരണവും പ്രചരണവും |
| XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| XLIII | — | നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും |
| XLV | — | പലവക വായ്പകളും മുൻകൂറുകളും |

2018 മാർച്ച് 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.45-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, March 22, 2018*

**No. 119**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Ports, Museums and Archaeology the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and two other Members regarding the serious situation reported to have arisen due to the negligence of the Government and inefficiency of Adani group which led the completion of construction of Vizhinjam Ports into crisis.

In protest against the attitude of the Government the Members belonging to the opposition staged a walk out.

*Calling Attention:*

(1) Shri K. Rajan called attention of the Minister for Labour and Excise to the necessity to ensure labour protection to nurses of private hospitals in the State and to institute service and wage conditions for them. The Minister made a statement thereto.

(2) Shri Adoor Prakash called the attention of the Minister for Health and Social Justice to the necessity to start the functioning of the proposed Konni Medical College in the next academic year by completing its construction. The Minister made a statement thereto.

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കൊപ്പം രാജ്യാന്തര നീന്തൽ സമുച്ചയത്തിലെ നീന്തൽക്കുളത്തിൽ ശ്രീജിത് മുങ്ങിമരിച്ചത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. സുരേഷ് കുറുപ്പ് | കുവൈറ്റിൽ എഞ്ചിനീയർമാരുടെ വിദ്യാഭ്യാസ യോഗ്യതയിലെ നിബന്ധന | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിലേക്ക് മാറ്റുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ട്രാവൻകൂർ റയോൺസിലെ ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ക്വാർട്ടേഴ്സിൽ താമസിക്കുന്ന തൊഴിലാളികൾക്ക് പട്ടയം ലഭ്യമാക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കെ. ശശീന്ദ്രൻ | കാപ്പി, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിലത്തകർച്ച | കൃഷി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം കുടുംബ കോടതി കെട്ടിട നിർമ്മാണത്തിന് സ്ഥലമെടുക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ഗീതാ ഗോപി | ചേർപ്പ് സാമൂഹ്യ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീമതി യു. പ്രതിഭ ഹരി | ട്രെയിനുകളിലെ ബോഗികളിൽ ഇലക്ട്രോണിക് ഡിസ്പ്ലേ സ്ഥാപിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ടി. ബൽറാം | തൃത്താല വി.കെ.കടവ് ജി. എം. എൽ. പി. സ്കൂൾ കെട്ടിട നിർമ്മാണം | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table:*

The following papers as per Rule 236(5) were laid on the Table:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2014-15 | 5 | 1, 2 |
| | 2015-16 | 5 | 1, 2, 108 |
| | 2016-17 | 1 | 116, 117, 130, 133 |
| XIV—ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 66 |
| II—ഭൂനികുതിയും ദേവസ്വവും | 2012-13 | 2 | 1, 7 |
| | 2014-15 | 4 | 10, 11 |

| 1 | 2 | 3 | 4 |
|---|---|---|---|
| III—ജലവിഭവം | 2011-12 | 1 | 49, 64 |
| | 2012-13 | 2 | 31 |
| | 2014-15 | 4 | 29, 39, 40, 57, 58, 60 |
| | 2016-17 | 1 | 9, 32, 34, 35, 39, 45, 48, 49, 50, 53, 55, 56, 57, 58, 59, 60, 61, 63, 71, 74, 79 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2014-15 | 4 | 26 |
| | 2015-16 | 5 | 3 |
| IV—വ്യവസായവും ധാതുക്കളും | 2013-14 | 3 | 23, 25 |
| | 2014-15 | 4 | 51, 52, 53, 62, 63 |
| | 2016-17 | 1 | 2, 20, 26, 27, 28, 54, 55, 60, 61 |
| VII—വിദ്യുച്ഛക്തിയും, തൊഴിലും, തൊഴിലാളിക്ഷേമവും | 2016-17 | 1 | 86 |

*Presentation of Reports:*

The following Reports were presented:

(1) The Report of the Subject committee XIV on the Payment of Salaries and Allowances (Amendment) Bill, 2018.

(2) The Report of the Subject committee XIV on the Payment of Pension to Members of Legislature (Amendment) Bill, 2018.

(3) The Report of the Subject Committee II on the Madras Hindu Religious and Charitable Endowments (Amendment) Bill, 2018.

(4) The Seventeenth to Twenty First Reports of the Committee on Public Accounts.

(5) The Sixty Fourth to Sixty Seventh Reports of the Committee on Public Undertakings.

(6) The Twelfth Report of the Private Members' Bills and Resolutions.

*Ruling by the Speaker:*

The Speaker gave the following ruling on the point of order raised by Shri M. Ummer regarding the delay in laying the Annual Performance Report on the expenditure of the Budget allocation:

"ഓരോ വർഷത്തെയും ബഡ്ജറ്റ് വിഭജനത്തിലെ ചെലവുകൾ സംബന്ധിച്ച് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം നാല് മാസത്തിനകം ബന്ധപ്പെട്ട വകുപ്പുകൾ സഭാനടപടി ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതായ വാർഷിക പ്രവർത്തന റിപ്പോർട്ട് ചട്ടപ്രകാരമുള്ള കാലപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നില്ല എന്നതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഉദാഹരണസഹിതം ഇവിടെ ഉന്നയിച്ചത്.

സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കുന്നതും സഭയും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളും വിശദമായ പരിശോധനയും ചർച്ചയും നടത്തി പാസ്സാക്കുന്നതുമായ ധനാഭ്യർത്ഥനകൾ അനുസരിച്ചുള്ള തുകകൾ ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സാമ്പത്തികവർഷം പൂർത്തീകരിച്ചു കഴിഞ്ഞാൽ നാല് മാസങ്ങൾക്ക് പിൻപല്ലാതെ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് ചട്ടം 236(6)-ൽ പറഞ്ഞിരിക്കുന്നു.

സഭ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ സംബന്ധിച്ച വിശദാംശം സഭാംഗങ്ങൾക്ക് ലഭിക്കാതിരുന്ന സാഹചര്യത്തിൽ, പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ നിയമസഭാ ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി 2009-ൽ രൂപീകരിക്കപ്പെട്ട നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 236-ാം ചട്ടത്തിന് ഉപചട്ടം (5), ഉപചട്ടം (6) എന്നീ രണ്ട് ഉപചട്ടങ്ങൾ കൂട്ടിച്ചേർത്തത്. (5)- ാം ഉപചട്ടപ്രകാരം ധനാഭ്യർത്ഥനാ പരിശോധന

പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ നൽകുന്ന ശിപാർശകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നു. ഉപചട്ടം (6)-ൽ ബജറ്റ് വിഹിതത്തിന്റെ ചെലവ് സംബന്ധിച്ച് എല്ലാ വകുപ്പുകളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ നിർഭാഗ്യമെന്നുതന്നെ പറയട്ടെ, 2010 മാർച്ച് 31 മുതൽ നിലവിൽവന്ന പ്രസ്തുത രണ്ട് ഉപചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ മിക്ക വകുപ്പുകളിലും കാര്യക്ഷമമായി നടക്കുന്നില്ല എന്നാണ് ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്.

ഈ സഭയുടെതന്നെ ഒന്നാം സമ്മേളനത്തിൽ 2016 ജൂലൈ 19-ാം തീയതി ശ്രീ. കെ. എസ്. ശബരീനാഥൻ ചട്ടം 303 പ്രകാരം ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണെന്നും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അന്ന് സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നതുമാണ്.

ഇക്കാര്യത്തിൽ ആശാവഹമായ ഒരു പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ സഭയിലെ ചട്ടങ്ങൾ സംബന്ധിച്ച സമിതി ഈ രണ്ട് ഉപചട്ടങ്ങളിലെയും വ്യവസ്ഥകൾ സമഗ്രമായി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ആയതിനുള്ള കാരണംകൂടി ബന്ധപ്പെട്ട മന്ത്രി, സഭയെ അറിയിക്കണമെന്ന വ്യവസ്ഥകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും അതുൾപ്പെടെയുള്ള ചട്ടഭേദഗതികൾ സംബന്ധിച്ച നടപടികൾ അതിന്റെ അന്തിമഘട്ടത്തിൽ ആയിട്ടുള്ളതുമാണ്.

ഏതായാലും ഉദാഹരണസഹിതം ശ്രീ. എം. ഉമ്മർ ഇവിടെ ഉന്നയിച്ച പ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തരമായി ആവിഷ്കരിക്കണമെന്നും ഇതു സംബന്ധിച്ച് വിശദവും വ്യക്തവുമായ ഒരു റിപ്പോർട്ട് പാർലമെന്ററികാര്യ വകുപ്പ് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. "

*Financial Business:*

Discussion and Voting on Demands for Grants in the Budget for the Financial Year 2018-2019

Prof. C. Raveendranath, Minister for Education moved Demand No. XVII-Education, Sports, Art and Culture and Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry moved Demand No. XXXIII—Fisheries for the amount shown against them under column No.5 in the list of Demands for Grants respectively.

The Minister for Finance and Coir laid on the table statements under Rule 236(3) with regard to these demands.

The cut motion Nos. 1, 3, 6, 7, 9, 10, 12, 13, 14, 15, 16, 18, 19, 20, 21, 22, 25, 30, 31, 34, 36, 38 and 39 in the list of cut motions for Demand No.XVII and cut motion Nos. 3, 4, 6, 7, 8, 9, 10, 11, 12, 13, 15, 16, 17, 18, 19, 24 and 25 in the list of cut motions for Demand No. XXXIII were moved.

The following Members took part in the discussion:

Shri A. N. Shamseer

Shri Hibi Eden

Shri V. R. Sunil Kumar

Shri V. Abdurahiman

Shri T. V. Ibrahim

Shri C. K. Nanu

Prof. K. U. Arunan

Shri Roshy Augustine

Shri Purushan Kadalundy

Shri P. C. George

Shri R. Rajesh

Shri K. J. Maxy

Shri V. T. Balram

Shri Mullakkara Retnakaran

Dr. M. K. Muneer

Shri M. Swaraj

Shri K. Muraleedharan

*Special Mention:*

Before reply from Ministers and Minister for Water Resources made brief statements regarding the world water day.

Prof. C. Raveendranath, Minister for Education, Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Law, Culture and Parliamentary Affairs, Shri A. C. Moideen, Minister for Industries, Sports and Youth Affairs, Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology and Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry replied to the points raised during the discussion. The cut motions were declared lost. Then the Demand No. XVII and XXXIII were put to vote and passed.

Being the last day allotted for voting on Demand for Grants, all the remaining Demands were guillotioned in the following order for the amounts shown respectively against them in column 5 in the list of Demands for Grants.

| | | |
|---|---|---|
| I | — | Sate Legislature |
| IV | — | Elections |
| VII | — | Stamps and Registrations |
| X | — | Treasury and Accounts |
| XVI | — | Pension and Miscellaneous |
| XXIII | — | Information and Publicity |
| XXVIII | — | Miscellaneous Economic Services |
| XLIII | — | Compensation and Assignments |
| XLV | — | Miscellaneous Loans and Advances |

The House adjourned at 4.45 p.m. to meet again at 8.30 a.m. on Friday, March 23, 2018.

V. K. BABU PRAKASH,
*Secretary.*